## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1760 05.12.2014-ൽ മറുപടിയ്ക്ക്

## സർക്കാർ പ്രസ്സുകളുടെ ആധുനികവൽക്കരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.കെ.നാരായണൻ | **ശ്രീ.കെ.പി.മോഹനൻ** (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനഗവൺമെന്റിന് കീഴിലുള്ള പ്രസ്സുകൾ ആധുനികവൽക്കരിക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ; | ( എ) ആധുനികവൽക്കരണ നടപടികൾ ഘട്ടം ഘട്ടമായി നടത്തി വരുന്നുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ? | (ബി) ഇതിന്റെ ഭാഗമായി സി.റ്റി.പി, വെബ് ഓഫ്സെറ്റ് മെഷീൻ എന്നിവ മണ്ണന്തല ഗവൺമെന്റ് പ്രസ്സ്, വാഴൂർ ഗവൺമെന്റ് പ്രസ്സ്, ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സ് എന്നിവിടങ്ങളിൽ സ്ഥാപിച്ചു കഴിഞ്ഞു. മണ്ണന്തല ഗവൺമെന്റ് പ്രസ്സിലെ പഴയ ഷീറ്റ്ഫെഡ് ഓഫ്സെറ്റ് മെഷീനുകൾ മാറ്റി ബൈ-ബാക്ക് രീതിയിൽ പുതിയ ഷീറ്റ്ഫെഡ് മെഷീനുകൾ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എല്ലാ ഗവൺമെന്റ് പ്രസ്സുകളേയും കാലഹരണപ്പെട്ട ലെറ്റർ പ്രസ്സിൽ നിന്നും ഓഫ്സെറ്റ് അച്ചടി സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. പുതിയ ഡിജിറ്റൽ കളർ പ്രിന്റർ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ സ്ഥാപിച്ചിട്ടുണ്ട്. അതോടൊപ്പം പ്രസ്സുകളുടെ പ്രവർത്തനം കാര്യക്ഷമവും സമയബന്ധിതവുമായി നടത്തുന്നതിനുള്ള Work Flow Automation സംവിധാനം സ്ഥാപിക്കുന്നതിനും പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ